## ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (4)

ദൂത് ആറ്

## നിത്യരാജാവും, ഭൂമിയെ കൈവശമാക്കുവാൻ വരുന്നവനും ദൈവത്തിന്റെ മർമ്മം പൂർത്തിയാക്കുന്നവനുമായ ക്രിസ്തു

JL *Hymns*: ML168

തിരുവെഴുത്തു വായന: വെളി. 10:1-7; 11:15-18

വെളി. 10:1 പിന്നെ മേഘം ധരിച്ച് ബലവാനായ മറ്റൊരു ദൂതൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു; അവന്റെ തലയിൽ മഴവില്ല് ഉണ്ടായിരുന്നു, അവന്റെ മുഖം സൂര്യനെപ്പോലെയും അവന്റെ പാദങ്ങൾ, അഗ്നിത്തൂണുകൾ പോലെയും ആയിരുന്നു;

വെളി. 10:2 അവന്റെ കൈയിൽ തുറക്കപ്പെട്ട ഒരു ചെറുചുരുൾ ഉണ്ടായിരുന്നു. അവൻ തന്റെ വലതുകാൽ സമുദ്രത്തിന്മേലും ഇടതുകാൽ ഭൂമിയിന്മേലും വച്ചു;

വെളി. 10:3 സിംഹം ഗർജിക്കുന്നതുപോലെ അവൻ ഉച്ചത്തിൽ നിലവിളിച്ചു. അവൻ നിലവിളിച്ചപ്പോൾ, ഏഴ് ഇടിമുഴക്കങ്ങളും തങ്ങളുടെ ശബ്ദങ്ങൾ ഉച്ചരിച്ചു.

വെളി. 10:4 ഏഴ് ഇടിമുഴക്കങ്ങൾ സംസാരിച്ചപ്പോൾ, ഞാൻ എഴുതുവാൻ തുടങ്ങുകയായിരുന്നു, അനന്തരം ഏഴ് ഇടിമുഴക്കങ്ങൾ സംസാരിച്ച കാര്യങ്ങളെ മുദ്രയിടുക, അവ എഴുതരുത് എന്ന് സ്വർഗത്തിൽനിന്ന് പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു.

വെളി. 10:5 സമുദ്രത്തിന്മേലും ഭൂമിയിന്മേലും നിൽക്കുന്നതായി ഞാൻ കണ്ട ദൂതൻ തന്റെ വലംകൈ സ്വർഗത്തിലേക്ക് ഉയർത്തി

വെളി. 10:6 ഇനിയും താമസമുണ്ടാകയില്ല എന്ന് ആകാശവും അതിലുള്ളതും, ഭൂമിയും അതിലുള്ളതും, സമുദ്രവും അതിലുള്ളതും സൃഷ്ടിച്ച, എന്നെന്നേക്കും ജീവിക്കുന്നവനെക്കൊണ്ട് ആണയിട്ടു,

വെളി. 10:7 എന്നാൽ ഏഴാമത്തെ ദൂതന്റെ നാദത്തിന്റെ നാളുകളിൽ, അവൻ കാഹളം ഊതുവാൻ പോകുമ്പോൾ, ദൈവം തന്റെ സ്വന്തം അടിമകളായ പ്രവാചകന്മാർക്കും സുവാർത്ത അറിയിച്ചതുപോലെ, ദൈവത്തിന്റെ മർമ്മം, പൂർത്തിയായി.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

വെളി. 11:16 ദൈവത്തിനു മുമ്പാകെ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ കവിണ്ണുവീണു ദൈവത്തെ ആരാധിച്ചു,

വെളി. 11:17 പറഞ്ഞത്, ഉള്ളവനും ഉണ്ടായിരുന്നവനുമായ സർവശക്തനായ ദൈവമായ കർത്താവേ, നിന്റെ മഹാശക്തി പ്രാപിച്ച് വാണിരിക്കുന്നതിനാൽ ഞങ്ങൾ നിനക്കു നന്ദി ചൊല്ലുന്നു.

വെളി. 11:18 രാഷ്ട്രങ്ങൾ കോപിച്ചു, നിന്റെ ക്രോധം വന്നു, മരിച്ചവരെ ന്യായം വിധിക്കുവാനും, നിന്റെ അടിമകളായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും, ചെറിയവരും വലിയവരുമായ നിന്റെ നാമം ഭയപ്പെടുന്നവർക്കും പ്രതിഫലം നൽകുവാനും, ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുവാനുമുള്ള സമയം വന്നു.

**I. വെളിപ്പാട് 11:15-18-ഉം 12:10-ഉം സൂചിപ്പിക്കുന്നത് നാം ക്രിസ്തുവിനെ നിത്യരാജാവായി അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യണമെന്നാണ്:**

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

വെളി. 11:16 ദൈവത്തിനു മുമ്പാകെ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാർ കവിണ്ണുവീണു ദൈവത്തെ ആരാധിച്ചു,

വെളി. 11:17 പറഞ്ഞത്, ഉള്ളവനും ഉണ്ടായിരുന്നവനുമായ സർവശക്തനായ ദൈവമായ

കർത്താവേ, നിന്റെ മഹാശക്തി പ്രാപിച്ച് വാണിരിക്കുന്നതിനാൽ ഞങ്ങൾ നിനക്കു നന്ദി ചൊല്ലുന്നു.

വെളി. 11:18 രാഷ്ട്രങ്ങൾ കോപിച്ചു, നിന്റെ ക്രോധം വന്നു, മരിച്ചവരെ ന്യായം വിധിക്കുവാനും, നിന്റെ അടിമകളായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും, ചെറിയവരും വലിയവരുമായ നിന്റെ നാമം ഭയപ്പെടുന്നവർക്കും പ്രതിഫലം നൽകുവാനും, ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുവാനുമുള്ള സമയം വന്നു.

വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

A. “ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും”—11:15:

1. ഏഴാമത്തെ കാഹളം ഊതുന്ന സമയത്ത്, മഹോപദ്രവം അവസാനിക്കുമെന്നു മാത്രമല്ല, പിന്നെയോ ഈ യുഗം അവസാനിക്കുകയും (10:7), ദൈവത്തിന്റെ മർമം പൂർത്തിയാകുകയും, സഹസ്രാബ്ദരാജ്യയുഗം എന്ന മറ്റൊരു യുഗം ആരംഭിക്കുകയും ചെയ്യും.

   വെളി. 10:7 എന്നാൽ ഏഴാമത്തെ ദൂതന്റെ നാദത്തിന്റെ നാളുകളിൽ, അവൻ കാഹളം ഊതുവാൻ പോകുമ്പോൾ, ദൈവം തന്റെ സ്വന്തം അടിമകളായ പ്രവാചകന്മാർക്കും സുവാർത്ത അറിയിച്ചതുപോലെ, ദൈവത്തിന്റെ മർമം, പൂർത്തിയായി.

2. രാഷ്ട്രങ്ങളുടെമേലുള്ള അവന്റെ ന്യായവിധി നടപ്പാക്കിയശേഷമുള്ള അവന്റെ മടങ്ങിവരവിൽ ലോകരാജത്വം ക്രിസ്തുവിന്റെ രാജത്വമായിത്തീരുന്നു—ദാനീ. 7:13-14; 2:33-45.

   ദാനീ. 7:13 രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി.

   ദാനീ. 7:14 സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു.

   ദാനീ. 2:44 ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനിൽക്കയും ചെയ്യും.

   ദാനീ. 2:45 കൈ തൊടാതെ ഒരു കല്ലു പർവ്വതത്തിൽനിന്നു പറിഞ്ഞുവന്നു ഇരിമ്പും താമ്രവും കളിമണ്ണും വെള്ളിയും പൊന്നും തകർത്തുകളഞ്ഞതായി കണ്ടതിന്റെ താല്പര്യമോ: മഹാദൈവം മേലാൽ സംഭവിപ്പാനുള്ളതു രാജാവിനെ അറിയിച്ചിരിക്കുന്നു; സ്വപ്നം നിശ്ചയവും അർത്ഥം സത്യവും ആകുന്നു.

3. സഹസ്രാബ്ദരാജ്യത്തിലും നിത്യത്വയോളം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും കർത്താവിന്റെ വാഴ്ചയാണ് ഇവിടെ കർത്താവിന്റെ എന്നെന്നേക്കുമുള്ള വാഴ്ച—വെളി. 22:5.

   വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ്

അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

B. "യഹോവേ, നീ ശാശ്വതനായും നിന്റെ സിംഹാസനം തലമുറ തലമുറയായും ഇരിക്കുന്നു"—വിലാ. 5:19:

1. ദൈവത്തിന്റെ നിത്യ ആളത്തവും അവന്റെ സിംഹാസനവും അവന്റെ സഹാനുഭൂതിയെക്കാളും, മനസ്സലിവുകളെക്കാളും, വിശ്വസ്തതയെക്കാളും ഉന്നതമാണ്—3:22-23.

| | |
|---|---|
| വിലാ. 3:22 | നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; |
| വിലാ. 3:23 | അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു. |

2. ദൈവത്തിന്റെ സഹാനുഭൂതിക്കും മനസ്സലിവുകൾക്കും ഏറ്റക്കുറച്ചിലുണ്ടാകാം, എന്നാൽ ദൈവമെന്ന വ്യക്തിയും അവന്റെ ഭരണവും എന്നേക്കും മാറാതെ തുടരുന്നു.

3. പുതിയ യെരൂശലേമിൽ ദൈവം തന്റെ വ്യക്തിയിൽ നിത്യരാജാവായും തന്റെ ഭരണത്തിൽ നിത്യവും ഇളകാത്തതുമായ രാജ്യമായും പൂർണമായി അനാവരണം ചെയ്യപ്പെടും (എബ്രാ. 12:28; വെളി. 22:3); ഇവ രണ്ടും തന്റെ ജനത്തോടുള്ള അവന്റെ ഇടപെടലിന്റെ ഇളകാത്ത അടിസ്ഥാനമാണ്.

| | |
|---|---|
| എബ്രാ. 12:28 | അതുകൊണ്ട് കുലുക്കമില്ലാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട്, നമുക്ക് കൃപയുണ്ടായിരിക്കട്ടെ, അതിലൂടെ സുപ്രസാദകരമായി ഭക്തിയോടും ഭയത്തോടും കൂടെ നമുക്ക് ദൈവത്തെ സേവിക്കാം; |
| വെളി. 22:3 | ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും; |

**II. വെളിപ്പാട് 10:1-7-ൽ ഭൂമിയെ കൈവശമാക്കുവാൻ വരുന്ന ക്രിസ്തുവിന്റെ വ്യക്തമായ ഒരു ദർശനമുണ്ട്:**

| | |
|---|---|
| വെളി. 10:1 | പിന്നെ മേഘം ധരിച്ച് ബലവാനായ മറ്റൊരു ദൂതൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു; അവന്റെ തലയിൽ മഴവില്ല് ഉണ്ടായിരുന്നു, അവന്റെ മുഖം സൂര്യനെപ്പോലെയും അവന്റെ പാദങ്ങൾ, അഗ്നിത്തൂണുകൾ പോലെയും ആയിരുന്നു; |
| വെളി. 10:2 | അവന്റെ കൈയിൽ തുറക്കപ്പെട്ട ഒരു ചെറുചുരുൾ ഉണ്ടായിരുന്നു. അവൻ തന്റെ വലതുകാൽ സമുദ്രത്തിന്മേലും ഇടതുകാൽ ഭൂമിയിന്മേലും വച്ചു; |
| വെളി. 10:3 | സിംഹം ഗർജിക്കുന്നതുപോലെ അവൻ ഉച്ചത്തിൽ നിലവിളിച്ചു. അവൻ നിലവിളിച്ചപ്പോൾ, ഏഴ് ഇടിമുഴക്കങ്ങളും തങ്ങളുടെ ശബ്ദങ്ങൾ ഉച്ചരിച്ചു. |
| വെളി. 10:4 | ഏഴ് ഇടിമുഴക്കങ്ങൾ സംസാരിച്ചപ്പോൾ, ഞാൻ എഴുതുവാൻ തുടങ്ങുകയായിരുന്നു, അനന്തരം ഏഴ് ഇടിമുഴക്കങ്ങൾ സംസാരിച്ച കാര്യങ്ങളെ മുദ്രയിടുക, അവ എഴുതരുത് എന്ന് സ്വർഗത്തിൽനിന്ന് പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു. |
| വെളി. 10:5 | സമുദ്രത്തിന്മേലും ഭൂമിയിന്മേലും നിൽക്കുന്നതായി ഞാൻ കണ്ട ദൂതൻ തന്റെ വലംകൈ സ്വർഗത്തിലേക്ക് ഉയർത്തി |
| വെളി. 10:6 | ഇനിയും താമസമുണ്ടാകയില്ല എന്ന് ആകാശവും അതിലുള്ളതും, ഭൂമിയും അതിലുള്ളതും, സമുദ്രവും അതിലുള്ളതും സൃഷ്ടിച്ച, എന്നെന്നേക്കും ജീവിക്കുന്നവനെക്കൊണ്ട് ആണയിട്ടു, |
| വെളി. 10:7 | എന്നാൽ ഏഴാമത്തെ ദൂതന്റെ നാദത്തിന്റെ നാളുകളിൽ, അവൻ കാഹളം ഊതുവാൻ പോകുമ്പോൾ, ദൈവം തന്റെ സ്വന്തം അടിമകളായ പ്രവാചകന്മാർക്കും സുവാർത്ത അറിയിച്ചതുപോലെ, ദൈവത്തിന്റെ മർമം, പൂർത്തിയായി. |

A. 7:2-ലും 8:3-ലും 18:1-ലും എന്നപോലെ ഈ അധ്യായത്തിൽ ക്രിസ്തു “ബലവാനായ മറ്റൊരു ദൂതൻ” ആണ് (വാ. 1).

| | |
|---|---|
| വെളി. 7:2 | ജീവനുള്ള ദൈവത്തിന്റെ മുദ്രയുള്ള മറ്റൊരു ദൂതൻ സൂര്യോദയത്തിൽനിന്നു മേലോട്ട് കയറുന്നതു ഞാൻ കണ്ടു; ഭൂമിക്കും സമുദ്രത്തിനും ഹാനി വരുത്തുവാൻ അധികാരം നൽകിയ നാലു ദൂതന്മാരോട് അവൻ, |
| വെളി. 8:3 | മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗവും അവനു കൊടുത്തു. |
| വെളി. 18:1 | ഈ കാര്യങ്ങൾക്കു ശേഷം, വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു; ഭൂമി അവന്റെ തേജസ്സിനാൽ പ്രകാശിച്ചു. |

B. മറ്റൊരു ദൂതൻ “സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നത്” യോഹന്നാൻ കണ്ടു—10:1:

1. ക്രിസ്തു ഇപ്പോൾ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നുകൊണ്ടിരിക്കുന്നു.
2. ക്രിസ്തു ഇപ്പോഴും ഭൂമിയിലേക്കുള്ള അവന്റെ വഴിയിലാണെന്നതിന്റെ ഒരു സൂചനയാണ് ഈ ദർശനം.

C. ക്രിസ്തു “മേഘം ധരിച്ചിരിക്കുന്നു”—വാ. 1:

1. 14:14-ലും മത്തായി 24:30-ലും 26:64-ലും എന്നപോലെ അവൻ ഇതുവരെ “മേഘത്തിന്മേൽ” അല്ല.

| | |
|---|---|
| വെളി. 14:14 | പിന്നെ ഇതാ, വെളുത്ത ഒരു മേഘവും, മേഘത്തിന്മേൽ തലയിൽ പൊൻകിരീടവും കൈയിൽ മൂർച്ചയേറിയ അരിവാളുമുള്ള, മനുഷ്യപുത്രനു സദൃശനായ ഒരുവൻ ഇരിക്കുന്നതു ഞാൻ കണ്ടു. |
| മത്താ. 24:30 | അന്നേരം മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ പ്രത്യക്ഷമാകും, അപ്പോൾ ദേശത്തിലെ സകല ഗോത്രങ്ങളും വിലപിക്കുകയും, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ ശക്തിയോടും വലിയ തേജസ്സോടുംകൂടെ വരുന്നത് അവർ കാണുകയും ചെയ്യും. |
| മത്താ. 26:64 | യേശു അവനോട്, നീ ശരിയായി പറഞ്ഞിരിക്കുന്നു. എന്നിരുന്നാലും, ഇനി മുതൽ മനുഷ്യപുത്രൻ ശക്തിയുടെ വലതുഭാഗത്തു ഇരിക്കുന്നതും ആകാശത്തിലെ മേഘങ്ങളിന്മേൽ വരുന്നതും നിങ്ങൾ കാണും, എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. |

2. “മേഘത്തിന്മേൽ” ആയിരിക്കുന്നത് പരസ്യമായി വരുന്നതാണ്, അതേസമയം “മേഘം ധരിക്കുന്നത്” രഹസ്യമായി വരുന്നതാണ്.
3. വെളിപ്പാട് 1:7-ലും മത്തായി 24:30-ലും പ്രതിപാദിച്ചിരിക്കുന്നതുപോലെ, ഭൂമിയിലുള്ള എല്ലാ ഗോത്രങ്ങളും അവനെ കാണുന്നതുവരെ ക്രിസ്തു പരസ്യമായിട്ടല്ല, രഹസ്യമായിട്ടായിരിക്കും വരുന്നത്.

| | |
|---|---|
| വെളി. 1:7 | ഇതാ, അവൻ മേഘങ്ങളോടുകൂടെ വരുന്നു, ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും, അവനെ കാണും; ദേശത്തിലെ സകല ഗോത്രങ്ങളും അവനെച്ചൊല്ലി വിലപിക്കും. അതെ, ആമേൻ. |
| മത്താ. 24:30 | അന്നേരം മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ പ്രത്യക്ഷമാകും, അപ്പോൾ ദേശത്തിലെ സകല ഗോത്രങ്ങളും വിലപിക്കുകയും, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ ശക്തിയോടും വലിയ തേജസ്സോടുംകൂടെ വരുന്നത് അവർ കാണുകയും ചെയ്യും. |

4. വെളിപ്പാട് 10-ന്റെ സമയത്തുപോലും ക്രിസ്തുവിന്റെ വരവ് അപ്പോഴും രഹസ്യത്തിലാണ്.

Rev 10 be omitted.

5. അവൻ മേഘത്തിൽ ഇരിക്കുകയും അവന്റെ വരവ് പരസ്യമാകുകയും ചെയ്യുമ്പോൾ, അധ്യായം 14 വരെ അവൻ മേഘത്തിൽ പൊതിയപ്പെട്ടിരിക്കും.

Rev 14 be omitted.

6. മഹോപദ്രവത്തിനുമുമ്പ് ക്രിസ്തു വരുമെന്ന പൊതുവായ ഉപദേശം കൃത്യമല്ലെന്ന് ഇതിലൂടെ നമുക്ക് കാണുവാൻ കഴിയും.

D. “അവന്റെ തലയിൽ മഴവില്ല് ഉണ്ടായിരുന്നു”—10:1:

1. ഭൂമിയുടെമേലുള്ള തന്റെ ന്യായവിധിയിലും ഭൂമിയെ കൈവശമാക്കുവാനുള്ള അവന്റെ വരവിലും ഭൂമിയെ സംബന്ധിച്ച് ദൈവം നോഹയുമായി ചെയ്ത ഉടമ്പടി ക്രിസ്തു കാക്കുമെന്ന് ഇവിടെ മഴവില്ല് സൂചിപ്പിക്കുന്നു—ഉല്പ. 9:8-17.

ഉല്പ. 9:8 ദൈവം പിന്നെയും നോഹയോടും അവന്റെ പുത്രന്മാരോടും അരുളിച്ചെയ്തതു:

ഉല്പ. 9:9 ഞാൻ, ഇതാ, നിങ്ങളോടും നിങ്ങളുടെ സന്തതിയോടും

ഉല്പ. 9:10 ഭൂമിയിൽ നിങ്ങളോടുകൂടെ ഉള്ള പക്ഷികളും കന്നുകാലികളും കാട്ടുമൃഗങ്ങളുമായ സകലജീവജന്തുക്കളോടും പെട്ടകത്തിൽനിന്നു പുറപ്പെട്ട സകലവുമായി ഭൂമിയിലെ സകലമൃഗങ്ങളോടും ഒരു നിയമം ചെയ്യുന്നു.

ഉല്പ. 9:11 ഇനി സകലജഡവും ജലപ്രളയത്താൽ നശിക്കയില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇനി ജലപ്രളയം ഉണ്ടാകയുമില്ല എന്നു ഞാൻ നിങ്ങളോടു ഒരു നിയമം ചെയ്യുന്നു.

ഉല്പ. 9:12 പിന്നെയും ദൈവം അരുളിച്ചെയ്തതു: ഞാനും നിങ്ങളും നിങ്ങളോടുകൂടെ ഉള്ള സകലജീവജന്തുക്കളും തമ്മിൽ തലമുറതലമുറയോളം സദാകാലത്തേക്കും ചെയ്യുന്ന നിയമത്തിന്റെ അടയാളം ആവിതു:

ഉല്പ. 9:13 ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു; അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്നു അടയാളമായിരിക്കും.

ഉല്പ. 9:14 ഞാൻ ഭൂമിയുടെ മീതെ മേഘം വരുത്തുമ്പോൾ മേഘത്തിൽ വില്ലു കാണും.

ഉല്പ. 9:15 അപ്പോൾ ഞാനും നിങ്ങളും സർവ്വജഡവുമായ സകലജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും; ഇനി സകലജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയുമില്ല.

ഉല്പ. 9:16 വില്ലു മേഘത്തിൽ ഉണ്ടാകും; ദൈവവും ഭൂമിയിലെ സർവ്വജഡവുമായ സകലജീവികളും തമ്മിൽ എന്നേക്കുമുള്ള നിയമം ഓർക്കേണ്ടതിന്നു ഞാൻ അതിനെ നോക്കും.

ഉല്പ. 9:17 ഞാൻ ഭൂമിയിലുള്ള സർവ്വജഡത്തോടും ചെയ്തിരിക്കുന്ന നിയമത്തിന്നു ഇതു അടയാളം എന്നും ദൈവം നോഹയോടു അരുളിച്ചെയ്തു.

2. ചുറ്റും മഴവില്ലുള്ള സിംഹാസനത്തിൽ ഇരിക്കുന്നവനായ ക്രിസ്തു ദൈവത്തിനൊത്തവണ്ണം ന്യായവിധി നടപ്പിലാക്കുമെന്നും ഇത് സൂചിപ്പിക്കുന്നു—വെളി. 4:2-3.

വെളി. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും

ഉണ്ടായിരുന്നു.

3. ദൈവം ഭൂമിയെയും അതിലെ എല്ലാ നിവാസികളെയും ന്യായംവിധിക്കുമെന്ന് വെളിപ്പാട് പുസ്തകം വെളിപ്പെടുത്തുന്നു.
4. ദൈവം ഉടമ്പടി ചെയ്യുന്ന ദൈവമാണെന്ന്, ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പിലാക്കുമ്പോൾ തന്റെ ഉടമ്പടി പാലിക്കുന്ന വിശ്വസ്തനായ ദൈവമാണെന്ന്, ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റുമുള്ള മഴവില്ല് സൂചിപ്പിക്കുന്നു.
5. അവൻ വീണ്ടും ഒരു ജലപ്രളയത്താൽ മനുഷ്യവർഗത്തെ ന്യായംവിധിക്കുകയോ സകല മനുഷ്യവർഗത്തെയും നശിപ്പിക്കുകയോ ചെയ്യുകയില്ല, പിന്നെയോ മനുഷ്യവർഗത്തിന്റെ ഒരു ഭാഗത്തെ തന്റെ മഹത്വത്തിനായി പുതിയ ഭൂമിയിലെ ജനതകളായിരിക്കുവാൻ സൂക്ഷിക്കും—21:24, 26.

| | |
|---|---|
| വെളി. 21:24 | രാഷ്ട്രങ്ങൾ അതിന്റെ വെളിച്ചത്താൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരുന്നു. |
| വെളി. 21:26 | രാഷ്ട്രങ്ങളുടെ മഹത്വവും ബഹുമാനവും അവർ അതിലേക്കു കൊണ്ടുവരും. |

E. “അവന്റെ മുഖം സൂര്യനെപ്പോലെയും അവന്റെ പാദങ്ങൾ അഗ്നിത്തൂണുകൾപോലെയും ആയിരുന്നു”—10:1:

1. ഭൂമിയിലെ ജനത്തിനുള്ള അവന്റെ പരസ്യവരവിന്റെ സമയത്തോട് അടുക്കുമ്പോൾ, ക്രിസ്തു തന്നെ സ്നേഹിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നവർക്ക് പ്രഭാതത്തിനുമുമ്പ്, ഏറ്റവും ഇരുണ്ട സമയത്തിനുമുമ്പ്, പ്രത്യക്ഷപ്പെടുന്ന ഉദയനക്ഷത്രത്തെപ്പോലെ ആയിരിക്കുകയില്ല, മറിച്ച് സൂര്യനെപ്പോലെയായിരിക്കും.
2. വാക്യം 1-ലെ അഗ്നി ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്നു (പുറ. 19:18; എബ്രാ. 12:29), ഈ വിശുദ്ധിക്കൊത്തവണ്ണം ക്രിസ്തു ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പാക്കും.

| | |
|---|---|
| വെളി. 10:1 | പിന്നെ മേഘം ധരിച്ച് ബലവാനായ മറ്റൊരു ദൂതൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു; അവന്റെ തലയിൽ മഴവില്ല് ഉണ്ടായിരുന്നു, അവന്റെ മുഖം സൂര്യനെപ്പോലെയും അവന്റെ പാദങ്ങൾ, അഗ്നിത്തൂണുകൾ പോലെയും ആയിരുന്നു; |
| പുറ. 19:18 | യഹോവ തീയിൽ സീനായിപർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി. |
| എബ്രാ. 12:29 | നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയുമല്ലോ. |

F. “അവൻ തന്റെ വലതുകാൽ സമുദ്രത്തിന്മേലും ഇടതുകാൽ ഭൂമിയിന്മേലും വച്ചു”—വെളി. 10:2:

1. ക്രിസ്തു തന്റെ പാദങ്ങൾ സമുദ്രത്തിന്മേലും ഭൂമിയിന്മേലും വയ്ക്കുന്നത് അവൻ അവയുടെമേൽ ചവിട്ടുന്നതാണ്, അവൻ അവയുടെമേൽ ചവിട്ടുന്നത് അവയെ സ്വന്തമാക്കുന്നതുമാണ്—ആവ. 11:24; യോശു. 1:3; സങ്കീ. 8:6-8.

| | |
|---|---|
| ആവ. 11:24 | നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന ഇടമൊക്കെയും നിങ്ങൾക്കു ആകും; നിങ്ങളുടെ അതിർ മരുഭൂമിമുതൽ ലെബാനോൻവരെയും ഫ്രാത്ത് നദിമുതൽ പടിഞ്ഞാറെ കടൽവരെയും ആകും. |
| യോശു. 1:3 | നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ |

മോശെയോടു കല്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു.

സങ്കീ. 8:6 നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽക്കീഴെയാക്കിയിരിക്കുന്നു;

സങ്കീ. 8:7 ആടുകളെയും കാളകളെയും എല്ലാം കാട്ടിലെ മൃഗങ്ങളെയൊക്കെയും

സങ്കീ. 8:8 ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും സമുദ്രമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന സകലത്തെയും തന്നേ.

2. ഭൂമിയെ കൈവശമാക്കുവാൻ ക്രിസ്തു ഇറങ്ങിവരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.
3. ദൈവത്തിന്റെ വ്യവസ്ഥയുടെ ചുരുൾ തുറക്കുവാനും, ഭൂമിയെ കൈവശമാക്കുവാനും അവൻ മാത്രമാണ് യോഗ്യൻ.

G. "സിംഹം ഗർജ്ജിക്കുന്നതുപോലെ അവൻ ഉച്ചത്തിൽ നിലവിളിച്ചു"—വെളി. 10:3:

1. സിംഹത്തിന്റെ ഗർജ്ജനം ഒരു രാജാവിന്റെ ക്രോധത്തിന് സദൃശമാണ്—സദൃശ. 19:12; 20:2.

സദൃ. 19:12 രാജാവിന്റെ ക്രോധം സിംഹഗർജ്ജനത്തിന്നു തുല്യം; അവന്റെ പ്രസാദമോ പുല്ലിന്മേലുള്ള മഞ്ഞുപോലെ.

സദൃ. 20:2 രാജാവിന്റെ ഭീഷണം സിംഹഗർജ്ജനംപോലെ; അവനെ കോപിപ്പിക്കുന്നവൻ തന്റെ പ്രാണനോടു ദ്രോഹം ചെയ്യുന്നു.

2. ഇത് സൂചിപ്പിക്കുന്നത് ഭൂമിയുടെ രാജാവെന്ന നിലയിൽ ക്രിസ്തു ക്രോധത്തിന് പ്രകോപിക്കപ്പെടുന്നു എന്നാണ്.

## III. "ദൈവത്തിന്റെ മർമം പൂർത്തിയായി"—വെളി. 10:7:

A. ആദാം മുതൽ മേശെ വരെയും മോശെ മുതൽ ക്രിസ്തു വരെയുമുള്ള യുഗങ്ങളിൽ സകലവും വെളിപ്പെടുത്തപ്പെട്ടു, വെളിവാക്കപ്പെട്ടു, ഒരു മർമവും അവിടെ ഇല്ല.

B. സഹസ്രാബ്ദരാജ്യ യുഗത്തിലും പുതിയ ആകാശത്തിലും ഭൂമിയിലും സകലവും വെളിപ്പെടുത്തപ്പെടും, അവിടെ ഒരു മർമവും ഉണ്ടായിരിക്കുകയില്ല.

C. ക്രിസ്തു മുതൽ സഹസ്രാബ്ദരാജ്യം വരെയുള്ള യുഗത്തിൽ—കൃപായുഗമായ സഭായുഗത്തിൽ—സകലവും ഒരു മർമമാണ്.

1. മർമത്തിന്റെ യുഗത്തിന്റെ ആരംഭമായ ക്രിസ്തുവിന്റെ ജഡാവതാരം ഒരു മർമമാണ്—1 തിമൊ. 3:16:

1 തിമൊ. 3:16 സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു.

a. ക്രിസ്തുവിന്റെ ജഡാവതാരത്തിലൂടെ അപരിമേയനായ ദൈവം പരിമിതനായ മനുഷ്യനിലേക്ക് കൊണ്ടുവരപ്പെട്ടു.

b. പുത്രനായ ദൈവം മാത്രമല്ല, മുഴുവൻ ദൈവവും ജഡാവതാരം ചെയ്തു; തന്മൂലം, ജഡാവതാരത്തിലുള്ള ക്രിസ്തു ജഡത്തിൽ വെളിപ്പെട്ട പൂർണ ദൈവമാണ്.

2. ക്രിസ്തു ദൈവത്തിന്റെ മർമാണ്—കൊലൊ. 2:2:

കൊലൊ. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന

ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

a. ദൈവം ഒരു മർമമാണ്, ദൈവത്തെ ആവിഷ്കരിക്കാനുള്ള ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തു ദൈവത്തിന്റെ മർമമാണ്.

b. ദൈവത്തിന്റെ മർമമെന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ ദേഹരൂപവും, നിർവചനവും, വിശദീകരണവും ആണ്; ദൈവം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെല്ലാം ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നു.

c. ദൈവത്തിന്റെ സകല നിറവും ക്രിസ്തുവിൽ ദേഹരൂപമായി വസിക്കുന്നു; അതായത്, ത്രിയേക ദൈവത്തിന്റെ നിറവ് ദേഹരൂപത്തിൽ ക്രിസ്തുവിൽ വസിക്കുന്നു—വാ. 9.

3. സഭ ക്രിസ്തുവിന്റെ മർമമാണ്—എഫെ. 3:4-6:

എഫെ. 3:4 അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും

എഫെ. 3:5 അത് ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടതുപോലെ, മറ്റു തലമുറകളിൽ മനുഷ്യപുത്രന്മാർക്ക് അറിവായിട്ടില്ലായിരുന്നു,

എഫെ. 3:6 അത് സുവിശേഷത്തിലൂടെ ജാതികൾ ക്രിസ്തു യേശുവിൽ കൂട്ടവകാശികളും ശരീരത്തിലെ കൂട്ടവയവങ്ങളും വാഗ്ദത്തത്തിന്റെ സഹപങ്കാളികളും ആകുന്നു എന്നതുതന്നെ,

a. ക്രിസ്തു ഒരു മർമവും, അവനെ ആവിഷ്കരിക്കുവാനുള്ള ക്രിസ്തുവിന്റെ ശരീരമായ സഭ ക്രിസ്തുവിന്റെ മർമവും ആണ്.

b. ഈ മർമം ദൈവത്തിന്റെ വ്യവസ്ഥയാണ്, അത് ദൈവത്തിന് ഒരു സംഘാത ആവിഷ്കാരം ഉണ്ടായിരിക്കേണ്ടതിന് ക്രിസ്തുവിൽ ദൈവത്തിന്റെ ദേഹരൂപത്തിന്റെ വർധനവായിരിക്കുവാൻ ഒരു ശരീരത്തെ ഉളവാക്കുന്നതിനായി ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് പകരുന്നതാണ്.

c. ഏകാത്മാവായ ക്രിസ്തുവും സഭയും വലിയ മർമമാണ്— 5:32.

എഫെ. 5:32 ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു.

4. സ്വർഗരാജ്യവും (മത്താ. 13:11), സുവിശേഷവും (എഫെ. 6:19), ഉൾവസിക്കുന്ന ക്രിസ്തുവും (കൊലൊ. 1:27), മർമയുഗത്തിന്റെ അവസാനമെന്ന നിലയിൽ വിശുദ്ധന്മാരുടെ വരുവാനിരിക്കുന്ന പുനരുത്ഥാനവും കായാന്തരണവുമെല്ലാം (1 കൊരി. 15:51-52), മർമങ്ങളാണ്.

മത്താ. 13:11 അവൻ അവരോട് ഉത്തരം പറഞ്ഞു, കാരണം നിങ്ങൾക്കു സ്വർഗരാജ്യത്തിന്റെ മർമങ്ങൾ അറിയുവാൻ നൽകപ്പെട്ടിരിക്കുന്നു, എന്നാൽ അവർക്കു നൽകപ്പെട്ടിട്ടില്ല.

എഫെ. 6:19 എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ,

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

1 കൊരി. 15:51 ഇതാ ഞാൻ നിങ്ങളോട് ഒരു മർമം പറയുന്നു: നാം എല്ലാവരും നിദ്ര പ്രാപിക്കുകയില്ല,

1 കൊരി. 15:52 എന്നാൽ അന്ത്യ കാഹളത്തിങ്കൽ, ക്ഷണനേരത്തിൽ,

കണ്ണിമയ്ക്കുള്ളിൽ, നമുക്ക് എല്ലാവർക്കും മാറ്റം വരും; കാഹളം ധ്വനിക്കുകയും മരിച്ചവർ അനശ്വരരായി ഉയിർപ്പിക്കപ്പെടുകയും നമുക്ക് മാറ്റം വരുകയും ചെയ്യും.

5. ഏഴാമത്തെ കാഹളം ഊതുമ്പോൾ, ഈ എല്ലാ മർമങ്ങളും പൂർത്തിയാക്കപ്പെടും; അതുകൊണ്ട്, ദൈവത്തിന്റെ മർമം പൂർത്തിയാകും.